## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1926** **10.03.2020 - ൽ മറുപടിക്ക്.**

## നിലമ്പൂർ താലൂക്കിൽ റേഷൻ മുൻഗണന വിഭാഗം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.വി. അൻവർ :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** നിലമ്പൂർ താലൂക്കിൽ റേഷൻ മുൻഗണന വിഭാഗത്തിൽ അനർഹരായി കണ്ടെത്തിയ ആളുകൾക്ക് പകരം അർഹരായ ആളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | **(എ) യും (ബി) യും** | ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരമുള്ള മുൻഗണനാ / മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനായി 18.09.2017 ലെ സ.ഉ.(സാധാ) നം. 320/17/ഭ.പൊ.വി.വ പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് നൽകിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണെന്നതിനാൽ ആയത് പ്രകാരം പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരെന്ന് കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നുവരുന്നു. പുതുതായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കാവുന്നതും പരിശോധനയിൽ ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30 ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറക്ക് |

ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തെ മുൻഗണനാവിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 1,54,800,40 ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് പരിമിതിയുണ്ട്.

നിലമ്പൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ നാളിതുവരെ 8982 കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പേര്, വിലാസം, റേഷൻകാർഡ് നമ്പർ എന്നീ വിശദാംശങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

**(ബി)** ഇതിനുള്ള മാനദണ്ഡങ്ങൾ, തെരഞ്ഞെടുത്ത രീതി, ആളുകളുടെ എണ്ണം, പേരും വിലാസവും, റേഷൻ കാർഡ് നമ്പർ എന്നിവ സഹിതം വിശദമാക്കാമോ?

**സെക്ഷൻ ഓഫീസർ**